"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് -ഉറവൂർ ഗ്രാമപഞ്ചായത്ത് - 2019-20 വാർഷിക പദ്ധതി - പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച നൽകുന്നതിനുള്ള പ്രോജക്ടിന്(പ്രൊജക്റ്റ് നമ്പർ -15/20) - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**സ.ഉ.(സാധാ) നം.2726/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 02/12/2019

പരാമർശം:- 1 ഉറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2019-ലെ കത്ത്.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ

26.09.2019 -ലെ 4.31 നമ്പർ തീരുമാനം

<u>ഉത്തരവ്</u>

ഉറവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ വാർഷിക പദ്ധതിയിലുൾപ്പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച നൽകുന്നതിനുള്ള പ്രോജക്ടിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 25 പേരിൽ 6 വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് സ്വന്തമായി വീടില്ലാത്തതിനാൽ, ഇവർ ഇപ്പോൾ താമസിക്കുന്ന മുത്തച്ഛന്റേയും മുത്തശ്ശിയുടേയും ഉടമസ്ഥയിലുള്ള വീടുകളിൽ കൂടി പഠനമുറി നിർമ്മിച്ച നല്കുന്നതിന് ധനസഹായം നൽകി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകണമെന്ന് ഉറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2019 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. ഗുണഭോക്തൃ ലിസ്റ്റിൽ 25 പേർ ഉണ്ടെങ്കിലും പ്രോജക്ടിന്റെ അടങ്കൽ 14.50 ലക്ഷം രൂപ മാത്രമാണെന്നും നിലവിലെ നിരക്കായ 2 ലക്ഷം രൂപ അനുസരിച്ച് മുഴുവൻ ഗുണഭോക്താക്കൾക്കും പഠനമുറി നൽകാൻ വകയിരുത്തിയിരിക്കുന്ന തുക തികയില്ല എന്നും വീടിന്റേയും സ്ഥലത്തിന്റേയും ഉടമസ്ഥത മുത്തച്ഛനും മുത്തശ്ശിക്കാണെങ്കിലും ധനസഹായം നൽകാവുന്നതാണെന്നും യോഗം വിലയിരുത്തി. പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആദ്യം പഠനമുറി നൽകുന്ന രീതിയിൽ ക്രമപ്പെടുത്തണമെന്ന നിബന്ധനയോടെ പ്രോജക്ട് നടപ്പാക്കാൻ ഉറവൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ഉറവൂർ ഗ്രാമപഞ്ചായത്ത്,എറണാകുളം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

(...)

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ് ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ